# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *198 – 07/02/2019-ലെ മറുപടിക്ക്

### സാമ്പത്തികാഘാതം അതിജീവിക്കാനുള്ള ധനസമാഹരണ മാർഗങ്ങൾ

**ചോദ്യം** | **ഉത്തരം**

പ്രൊഫ. കെ. യു. അരുണൻ
ശ്രീ. എം. സ്വരാജ്
ശ്രീ. സി. കെ. ഹരീന്ദ്രൻ
ശ്രീ. കെ. സുരേഷ് കുറുപ്പ്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | നോട്ടുനിരോധനം, ജി.എസ്.ടി. നടപ്പാക്കിയതിലെ അനവധാനത, കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങൾ തുടങ്ങിയ കാരണങ്ങളാൽ രാജ്യത്തെ ഗ്രസിച്ച സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തുണ്ടാക്കിയ പ്രതിസന്ധി മറികടക്കാനുള്ള പ്രയത്നത്തിനിടയിൽ പ്രളയദുരന്തം സൃഷ്ടിച്ച സാമ്പത്തികാഘാതം അതിജീവിക്കാനായുള്ള ധനസമാഹരണമാർഗങ്ങൾ ഏതെല്ലാമാണ്; | പ്രളയം മൂലം ഉണ്ടായ സാമ്പത്തികാഘാതം മറികടക്കുന്നതിനുള്ള അടിയന്തര വിഭവ സമാഹരണത്തിനും തുടർന്നുള്ള നവകേരള സൃഷ്ടിയ്ക്കായും വിഭാവനം ചെയ്തുവരുന്ന ബൃഹത്തായ പദ്ധതികളുടെ നടത്തിപ്പിന്റെ ഭാഗമായി, സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19 ൽ ജി.എസ്.ഡി.പി-യുടെ 3 ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20 ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ, പദ്ധതി നടത്തിപ്പിന്റെ ഭാഗമായുള്ള വായ്പ സമാഹരണത്തിനായി സംസ്ഥാന സർക്കാർ ലോകബാങ്ക്, എ.ഡി.ബി, കെ.എഫ്.ഡബ്ല്യു തുടങ്ങിയവയുടെ പ്രതിനിധികളുമായി ചർച്ച നടത്തി വരികയാണ്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കു മേൽ ചുമത്തുന്ന ജി.എസ്.ടി യ്ക്ക് മേൽ 10% സെസ്സ് ഏർപ്പെടുത്തുവാൻ അനുവദിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചതിൽ ചരക്കുകളുടെയും സേവനങ്ങളുടെയും വിതരണ വിലയിന്മേൽ 1 ശതമാനം സെസ്സ് ചുമത്തുവാൻ അനുമതി ലഭിച്ചിട്ടുണ്ട്. കുടിശ്ശിക പിരിവ്, അധിക വിഭവ സമാഹരണം, ഊർജ്ജിത നികുതി പിരിവ് എന്നിവയിലൂടെ ബജറ്റിൽ വിഭാവനം ചെയ്യുന്ന വരുമാന വർദ്ധനവ് കൈവരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.<br><br>സാമൂഹ്യ ക്ഷേമ ചെലവുകളും, വികസന ചെലവുകളും വെട്ടിക്കുറയ്ക്കുക എന്ന സമീപനം സർക്കാരിനില്ല. നിയമന നിരോധനമോ അനിവാര്യ തസ്തിക സൃഷ്ടിക്കൽ നിരോധനമോ ഏർപ്പെടുത്തില്ല. |

| | | |
|---|---|---|
| | | വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ അടക്കം ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പോസ്റ്റുകൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ നിയതമായ വർക്ക്സ്റ്റഡി നടത്തിയതിനു ശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കൂ. മറ്റ് ചെലവു ചെയ്യലുകൾക്ക് ധൂർത്ത് ഒഴിവാക്കണമെന്ന ഉദ്ദേശത്തോടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>റവന്യൂ കമ്മി ഒഴിവാക്കി മൂലധന ചെലവ് ഗണ്യമായി ഉയർത്തുക എന്ന സമീപനം സ്വീകരിച്ചാണ് സർക്കാർ പ്രവർത്തിക്കുന്നത്. റവന്യൂ വരുമാനവും ചെലവും സന്തുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാതുക നിക്ഷേപത്തിനായി വിനിയോഗിക്കുകയും ചെയ്യുക എന്ന സമീപനമാണ് സ്വീകരിക്കുന്നത്. |
| ബി | സമഗ്ര പുനഃസൃഷ്ടിക്കായി എത്ര തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; | പി.ഡി.എൻ.എ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന്റെ പ്രളയാനന്തര പുന:സൃഷ്ടിക്കായി 26985 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| സി | ജി.എസ്.ടി.യുടെ മേൽ ഒരു ശതമാനം മാത്രം സെസ് ചുമത്താൻ അനുമതി ലഭിച്ചത് പ്രശ്നപരിഹാരത്തിന് തീർത്തും അപര്യാപ്തമായതിനാൽ വായ്പാ പരിധി വർദ്ധിപ്പിക്കണമെന്ന ആവശ്യത്തോടുള്ള കേന്ദ്രസർക്കാർ തീരുമാനം അറിയിക്കാമോ; | സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19 ൽ ജി.എസ്.ഡി.പി-യുടെ 3 ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20 ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച പ്രതികരണം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. |
| ഡി | സാലറിചലഞ്ച് ഉൾപ്പെടെയുള്ള ആഭ്യന്തര ധനസമാഹരണ മാർഗവും വിദേശ സാമ്പത്തിക സഹായവും രാഷ്ട്രീയ സങ്കുചിത താല്പര്യത്തോടെ അട്ടിമറിക്കാൻ നീക്കം നടത്തിയവർ തന്നെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് വേഗത പോരെന്ന് ആക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | സാലറി ചലഞ്ച് ഉൾപ്പെടെയുള്ള ആഭ്യന്തര വിദേശ സാമ്പത്തിക സഹായങ്ങൾ സമാഹരിക്കുന്നതിന് പല തടസ്സങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ടെങ്കിലും ഇതിനെ അതിജീവിച്ചുകൊണ്ട് പ്രളയാനന്തര പുനർനിർമ്മാണത്തിനും നവകേരള സൃഷ്ടിക്കുമായുള്ള വിഭവ സമാഹരണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതും ഇതിനു വേണ്ടിയുള്ള നടപടികൾ 2019-20 വർഷത്തെ ബഡ്ജറ്റിൽ വിപുലമായി ആവിഷ്കരിച്ചിട്ടുള്ളതുമാണ്. ഇതിനകം ദുരിതാശ്വാസ നിധിയിൽ നിന്ന് 1732.70 കോടി രൂപ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച |

| | | |
|---|---|---|
| | | കഴിഞ്ഞു. പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും, സൂക്ഷ്മ, ചെറുകിട, ഇടത്തരം വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ നിലയിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് 'ഉജ്ജീവന വായ്പാ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ കുടുംബശ്രീ വഴി 994.50 കോടി രൂപ വായ്പ അനുവദിച്ചിട്ടുമുണ്ട്. വിദേശ വായ്പ സമാഹരണത്തിനായി സംസ്ഥാന സർക്കാർ ലോകബാങ്ക്, എ.ഡി.ബി, കെ.എഫ്.ഡബ്ല്യൂ തുടങ്ങിയവയുടെ പ്രതിനിധികളുമായി ചർച്ച നടത്തി വരികയാണ്. അതുകൊണ്ടു തന്നെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് വേഗത പോര എന്ന ആക്ഷേപത്തിന് പ്രസക്തിയില്ല. |

**സെക്ഷൻ ഓഫീസർ**